# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2631

18.06.2018-ൽ മറുപടിയ്ക്ക്

## തിരുമല – തൃക്കണ്ണാപുരം റോഡ് വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുമല – തൃക്കണ്ണാപുരം റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 85% സ്ഥലം ഏറ്റെടുത്തെങ്കിലും ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക ഉണ്ടായിട്ടും നടപടികൾ മുന്നോട്ട് പോകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും നേമം നിയോജകമണ്ഡലത്തിലെ തിരുമല മുതൽ തൃക്കണ്ണാപുരം പാലം വരെ 274.91 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 18/10/2005-ലെ സ.ഉ. (സാധാ) നം. 949/2005/പൊ.മ.വ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 211.41 ആർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി വരുന്ന 63.50 ആർ സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതായിട്ടുണ്ട്. 05/3/2013 -ലെ സ.ഉ. (സാധാ) നം. 1200/13/ ആർ.ഡി പ്രകാരം 76 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.<br><br>പ്രസ്തുത റോഡിന്റെ ആകെ നീളം 3.300 കി.മീ. ആണ്. ഇപ്പോൾ നിലവിലുള്ള 8 മീറ്റർ റോഡിനെ 15 മീറ്റർ വീതിയിൽ ആക്കുന്നതിനാണ് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നു വരുന്നത്. തിരുമല മുതൽ തൃക്കണ്ണാപുരം വരെ അഞ്ചു ഭാഗങ്ങളായി തിരിച്ചാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടത്തിയിരിക്കുന്നത്.<br><br>പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ള സ്ഥലങ്ങളിലെ ചമയങ്ങളുടെ |

ലേല നടപടികൾ പൂർത്തിയാക്കിയി ട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടു വരുന്ന കടകളിൽ കച്ചവടം നടത്തുന്നവർക്ക് പുനഃരധിവാസ പാക്കേജ് നൽകിയി ട്ടുള്ള കടകൾ പൊളിച്ചു നീക്കം ചെയ്തിട്ടുണ്ട്. ഇനിയും ഏറ്റെടുക്കാനുള്ള സ്ഥലങ്ങൾ റവന്യൂ ഉദ്യോഗസ്ഥരു മായി ജോയിൻറ് ഇൻസ്പെക്ഷൻ നടത്തുകയും, അതിൻ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നു വരികയുമാണ്. ഇതുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചെലവുകൾക്കായി 25 ലക്ഷം രൂപ തഹസിൽദാർക്ക് നൽകിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതി നായുള്ള അനുമതിയും നൽകിയിട്ടുണ്ട്. പുതിയ റിക്വിസിഷൻ പ്രകാരം റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുത്ത് പൊതു മരാമത്ത് വകുപ്പിന് കൈമാറുകയും തിരുമല മുതൽ തൃക്കണ്ണാപുരം വരെ വരുന്ന കടകളിലെ കച്ചവടക്കാർക്ക് ആനുകൂല്യവും നൽകുന്നതോടുകൂടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയാകു ന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടി കൾ പൂർത്തിയായാൽ ഉടൻ തന്നെ നിർമ്മാണ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ